# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5560 25.10.2011 - ൽ മറുപടിക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി. സുധാകരൻ :** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി).** |
| (എ) അമ്പലപ്പുഴ മണ്ഡലത്തിലെ വണ്ടാനം മെഡിക്കൽ കോളേജ്, അമ്പലപ്പുഴ ജംഗ്ഷൻ എന്നിവിടങ്ങളിൽ ട്രാഫിക് സിഗ്നലുകൾ ഇല്ലാത്തതിനാൽ ഗതാഗതക്കുരുക്കും അപകടങ്ങളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) തുക ലഭ്യമാകുന്ന മുറയ്ക്ക് പോലീസ്, മോട്ടോർ വാഹന വകുപ്പുകളുമായി ചേർന്ന് പ്രസ്തുത സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും ആലപ്പുഴ ജില്ലയ്ക്ക് എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ? | (സി) റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ആലപ്പുഴ ദേശീയ പാത വിഭാഗം ഡിവിഷന് 1,81,28,000/- രൂപ ഈ സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്. ഈ തുക അരൂർ മുതൽ കൃഷ്ണപുരം വരെയുള്ള ഭാഗങ്ങളിൽ സൈൻ ബോർഡ്, ഡെസ്റ്റിനേഷൻ ബോർഡ്, സുരക്ഷാ ബാരിക്കേഡുകൾ, ഡീലിനേറ്റേഴ്സ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ട്. |

Sabitha

സെക്ഷൻ ഓഫീസർ.